കരുത്തുറ്റ ജനാധിപത്യത്തിന് വിപുലമായ ജനപങ്കാളിത്തം

ഇന്ത്യൻ തെരഞ്ഞെടുപ്പു കമ്മീഷൻ




# ലോകസഭാ പൊതു തെരഞ്ഞെടുപ്പ് 2014

## പൊതുജന ശ്രദ്ധയ്ക്ക്

## വോട്ടു ചെയ്യുന്നതിന് തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് നിർബ്ബന്ധം

ഫോട്ടോ പതിച്ച തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് ലഭിച്ചിട്ടുള്ള എല്ലാ വോട്ടർമാരും വോട്ട് ചെയ്യുന്നതിന് അതുതന്നെ ഹാജരാക്കേണ്ടതാണെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചിരിക്കുന്നു. ഏതെങ്കിലും കാരണവശാൽ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് കൊണ്ടുവരുവാൻ സാധിക്കാത്തവർക്ക് പോളിംഗ് ബൂത്തിൽ പ്രിസൈഡിംഗ് ഓഫീസർ മുൻപാകെ നിർദ്ദിഷ്ട സത്യപ്രസ്താവന ഒപ്പിട്ട് നൽകി താഴെ പറയുന്നവയിൽ ഏതെങ്കിലും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ ഹാജരാക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറ്റ് തിരിച്ചറിയൽ രേഖകൾ ഹാജരാക്കുന്നവർ സമർപ്പിക്കുന്ന സത്യപ്രസ്താവന ഒപ്പിടുന്നതിനോടൊപ്പം അവരുടെ വിരലടയാളവും പതിക്കേണ്ടതാണ് (സത്യപ്രസ്താവനയുടെ പകർപ്പുകൾ പോളിംഗ് സ്റ്റേഷനുകളിൽ സജ്ജീകരിച്ചിട്ടുള്ള വോട്ടർ സഹായ കേന്ദ്രങ്ങളിൽ ലഭ്യമായിരിക്കും).

1. പാസ്സ്പോർട്ട്.
2. ഡ്രൈവിംഗ് ലൈസൻസ്.
3. കേന്ദ്ര / സംസ്ഥാന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, പബ്ലിക് ലിമിറ്റഡ് കമ്പനികൾ എന്നീ സ്ഥാപനങ്ങളുടെ സർവ്വീസ് തിരിച്ചറിയൽ കാർഡ്.
4. ഫോട്ടോ പതിച്ച ബാങ്ക് (സഹകരണ ബാങ്കുകളുടേതൊഴികെ) / പോസ്റ്റോഫീസ് പാസ്സ് ബുക്ക്
5. പാൻകാർഡ്.
6. ആധാർ കാർഡ്.
7. ദേശീയ ജനസംഖ്യാ രജിസ്റ്റർ പദ്ധതിപ്രകാരം നൽകുന്ന സ്മാർട്ട് കാർഡ്.
8. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫോട്ടോ പതിച്ച തൊഴിൽ കാർഡ്.
9. തൊഴിൽ മന്ത്രാലയത്തിന്റെ പദ്ധതികൾക്കുകീഴിൽ വിതരണം ചെയ്യുന്ന ആരോഗ്യ ഇൻഷ്വറൻസ് സ്മാർട്ട് കാർഡ്.
10. ഫോട്ടോ പതിച്ച പെൻഷൻ രേഖ.
11. ചുമതലപ്പെട്ട ബൂത്ത്തല ഉദ്യോഗസ്ഥൻ ഒപ്പിട്ടിട്ടുള്ള തെരഞ്ഞെടുപ്പ് വോട്ടേഴ്സ് സ്ലിപ്പ്.

മുഖ്യ തെരഞ്ഞെടുപ്പ്
ഓഫീസർ (കേരളം)

varghese punalur